**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 945** **26-07-2021 - ൽ മറുപടിയ്ക്ക്**

**വയനാട് ജില്ലയിൽ റവന്യൂ വകുപ്പിലെ സ്ഥലം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | വയനാട് ജില്ലയിൽ,റവന്യൂ വകുപ്പിൽ 5 വർഷത്തിൽ കൂടുതൽ ഒരേ ഓഫീസിൽ ജോലി ചെയ്തുവരുന്നവർ ഉണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഓഫീസും തസ്തികയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (ബി) | വയനാട് ജില്ലയിൽ റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകളിൽ വിവിധ തസ്തികകളിലായി 112 ജീവനക്കാർ 5 വർഷത്തിലധികമായി ഒരേ ഓഫീസിൽ ജോലി ചെയ്തുവരുന്നുണ്ട്. തസ്തിക, ഓഫീസ് തിരിച്ചുള്ള വിശദമായ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഇത്തരത്തിൽ അഞ്ചു വർഷത്തിൽ കൂടുതൽ ഒരേ ഓഫീസിൽ ജോലി ചെയ്തുവരുന്നവരുണ്ടെങ്കിൽ പൊതുസ്ഥലംമാറ്റം നടത്താതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | കഴിഞ്ഞ കുറച്ചു വർഷങ്ങളായി വയനാട് ജില്ലയിൽ അടിക്കടിയുണ്ടാകുന്ന പ്രളയവും പ്രകൃതി ദുരന്തങ്ങളും കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് പ്രവർത്തന പരിചയമുള്ള ജീവനക്കാരുടെ സേവനം ആവശ്യമായതിനാലും കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് ലോക്ക്ഡൗണും പൊതുഗതാഗതത്തിന് കർശന നിയന്ത്രണങ്ങളും അടിക്കടി ഉണ്ടാകുന്നതിനാൽ ജീവനക്കാരുടെ യാത്രാ സൗകര്യം പരിഗണിച്ചും ഓഫീസുകളുടെ പ്രവർത്തനങ്ങൾക്ക് അത്യാവശ്യമായ സ്ഥലംമാറ്റങ്ങൾ മാത്രമേ കഴിഞ്ഞ രണ്ട് വർഷമായി ജില്ലയിൽ നടത്തിയിട്ടുള്ളൂ. റവന്യൂ വകുപ്പിൽ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റം ഓൺലൈനായി നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ അവസാനഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ഓഫീസ് | തസ്തിക | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | DT | RI | Sr. Clk/ SVO | Clk / VA | OA | Chainman | Attender | Sel. Gr. Typist | Sr. Gr. Typist | Typist | VFA | CA | Masalchi |
| മാനന്തവാടി താലൂക്ക് | | | 07 | 02 | 05 | 01 | | | | 01 | 08 | | |
| വൈത്തിരി താലൂക്ക് | | 01 | 03 | 02 | 02 | | | | | | 05 | | 01 |
| സുൽത്താൻ ബത്തേരി താലൂക്ക് | 01 | | 05 | 05 | 05 | 01 | | | 01 | | 07 | | |
| കളക്ടറേറ്റ് | | | 08 | 02 | 13 | | 02 | 01 | 03 | | | | |
| സ്പെ. ഡെപ്യൂട്ടി കളക്ടർ (എൽ.എ) | | | 01 | 02 | | | | | | | | | |
| സ്പെ. ഡെപ്യൂട്ടി കളക്ടർ (എൽ.ആർ) | | | | | | | | | 01 | | | | |
| തഹസീൽദാർ (ആർ.ആർ) അമ്പലവയൽ | | | 01 | | 03 | | | | | | | | |
| സബ് കളക്ടർ മാനന്തവാടി | | | 03 | | 01 | | | | | | | 01 | |
| അസി. ഡയറക്ടർ സർവ്വെ, മാനന്തവാടി | | | | | 02 | | | | | | | | |
| റീ സർവ്വെ സൂപ്രണ്ട്, മാനന്തവാടി | | | | | 03 | | | | | 01 | | | |
| റീ സർവ്വെ സൂപ്രണ്ട്, സുൽത്താൻ ബത്തേരി | | | 01 | | | | | | | | | | |
| **ആകെ** | 01 | 01 | 29 | 13 | 34 | 02 | 02 | 01 | 05 | 02 | 20 | 01 | 01 |